## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *66.** **30.06.2016 ന് മറുപടിയ്ക്ക്**

### മദ്യനയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എം. സ്വരാജ് :**<br>**,, ജെയിംസ് മാത്യു :**<br>**,, സി.കെ. ഹരീന്ദ്രൻ :**<br>**,, യു. ആർ. പ്രദീപ് :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ മദ്യനയം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ അതിൽ ഗുരുതരമായ പോരായ്മകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ മദ്യനയം വിശദമായി അവലോകനം ചെയ്തുവരുന്നു. പ്രസ്തുത നയം യാഥാർത്ഥ്യബോധമില്ലാത്തതും പ്രയോഗികമായി പരാജയവുമായിരുന്നു. |
| (ബി) | മദ്യനയത്തിന്റെ പരിണിത ഫലമായി മയക്കുമരുന്നും കഞ്ചാവും വ്യാപകമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് നിയന്ത്രിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള മദ്യനയം പ്രാവർത്തികമായതിനുശേഷം സംസ്ഥാനത്ത് മയക്കു മരുന്നിന്റെയും കഞ്ചാവിന്റെയും ഉപയോഗവും വ്യാപനവും വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2013 & 2014 വർഷങ്ങളിൽ യഥാക്രമം 793 ഉം 970 ഉം എൻ.ഡി.പി.എസ് കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തത്. എന്നാൽ 2015 വർഷത്തിൽ മാത്രം 1430 എൻ.ഡി.പി.എസ് കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തത്.<br><br>സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപനത്തിനെതിരെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. ലഹരിവസ്തുക്കൾ മൂലമുള്ള ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് യുവജനങ്ങൾക്കിട യിലും ബോധവത്ക്കരണം നടത്തുന്നതിന് വമ്പിച്ച |

| | | | |
|---|---|---|---|
| | | | ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാന തലത്തിൽ എക്സൈസ് വകുപ്പ് ആസൂത്രണം ചെയ്തു വരുന്നത്. കൂടാതെ നിലവിൽ മദ്യ, മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. സമൂഹത്തിൽ വർദ്ധിച്ചു വരുന്ന എൻ.ഡി.പി.എസ് കുറ്റകൃത്യങ്ങൾ തടയുന്നതിനോടൊപ്പംതന്നെ യുവതലമുറയെ മയക്കുമരുന്നിന്റെ നീരാളിപ്പിടുത്തത്തിൽ നിന്ന് രക്ഷപ്പെടുത്തുവാനും ഇത്തരം നടപടികളിലൂടെ ലക്ഷ്യമിടുന്നു. |
| (സി) | സാമൂഹ്യവിപത്തായി മാറിയിട്ടുള്ള മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കാൻ എന്തെല്ലാം തീരുമാനങ്ങൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | | കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും അതിൽ നിന്നും ഉടലെടുക്കുന്ന ആരോഗ്യ-സാമൂഹിക പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. മദ്യ/ലഹരി വസ്തുക്കൾക്കെതിരെ ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള ഒരു മദ്യനയമാണ് ലക്ഷ്യമിടുന്നത്. മദ്യപാനത്തെ ഉദാത്തവൽക്കരിക്കുന്ന സാമൂഹ്യശീലങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവിമുക്തമാക്കുകയാണ് ലക്ഷ്യം. ഇതിനായി ബോധവത്ക്കരണ പ്രവർത്തനം ഒരു ജനകീയ പ്രസ്ഥാനമായി വളർത്തിയെടുക്കുവാനും ലക്ഷ്യമിടുന്നുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**